# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് മുപ്പത്തഞ്ച്

## രാജ്യത്തിന്റെ മർമ്മങ്ങളുടെ അനാവരണം

(1)

Sat ഈ ദൂതിൽ മത്തായിയുടെ സുവിശേഷം പതിമൂന്നാം അധ്യായത്തിലേക്ക് നാം വരുന്നു. ഈ അധ്യായം മനസ്സിലാക്കുന്നതിന്, രാജ്യത്തെക്കുറിച്ചുള്ള ഉപദേശത്തെ സംബന്ധിച്ച ഒരു പുസ്തകമാണ് മത്തായി എന്ന കാര്യം നാം മനസ്സിൽ സൂക്ഷിക്കണം. മത്തായിയുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതൊക്കെയും രാജ്യത്തിനനുസരിച്ചും രാജ്യത്തിന്റെ ചരിത്രത്തിനനുസരിച്ചുമാണ്. ഈ പുസ്തകത്തിലെ ഉപദേശത്തിന്റെ ക്രമം രാജ്യത്തിന്റെ ചരിത്രമനുസരിച്ചാണ്.

മത്തായിയിലെ ആദ്യത്തെ പന്ത്രണ്ട് അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുഖ്യമായ കാര്യങ്ങൾ നാം ഓർക്കേണ്ടതാവശ്യമാണ്. അധ്യായം ഒന്ന് ക്രിസ്തുവിന്റെ വംശാവലിയെയും ജനനത്തെയും, രണ്ടാം അധ്യായം വിദ്വാന്മാർ ക്രിസ്തുവിനെ അന്വേഷിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നതിനെയും, മിസ്രയീമിലേക്കുള്ള പലായനത്തെയും, നസറെത്തിൽ വളരേണ്ടതിന് യിസ്രായേലിലേക്കുള്ള അവന്റെ മടങ്ങിവരവിനെയും പരാമർശിക്കുന്നു. മൂന്നാം അധ്യായത്തിൽ ശുപാർശയെയും അഭിഷേകം ചെയ്യപ്പെടുന്നതിനെയും: അധ്യായം നാലിൽ പരീക്ഷയെയും, പുരുഷാരത്തെ നേടുന്നതിനുള്ള രാജാവിന്റെ ശുശ്രൂഷയുടെ ആരംഭത്തെയും: അഞ്ചും ആറും ഏഴും അധ്യായങ്ങളിൽ സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരത്തെയും നാം കാണുന്നു. അധ്യായം എട്ടിൽ കുഷ്ഠരോഗിയെയും, ശതാധിപന്റെ ബാല്യക്കാരനായ ദാസനെയും, പത്രൊസിന്റെ അമ്മാവിയമ്മയെയും സൗഖ്യമാക്കുന്നതിലുള്ള രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ചയും: കാറ്റിനും, കടലിനും, ഭൂതങ്ങൾക്കും മേൽ കർത്താവ് അധികാരം പ്രയോഗിക്കുന്നതും ഉൾപ്പെടുന്നു. അധ്യായം ഒമ്പത് പാപക്ഷമയിൽ പ്രയോഗിക്കപ്പെട്ട രാജാവിന്റെ അധികാരവും: മത്തായിയെ വിളിക്കുന്നതും: വൈദ്യനും, മണവാളനും, പുതിയ വസ്ത്രവും,

പുതിയ വീഞ്ഞും, പുതിയ തുരുത്തിയുമായി കർത്താവിനെ വെളിപ്പെടുത്തുന്ന വിരുന്നും; യുഗപരമായ പ്രാധാന്യത്തോടുകൂടെയുള്ള അടയാളങ്ങളും; കൊയ്ത്തിലേക്ക് വിളവെടുപ്പുകാരെ അയയ്ക്കുന്നതിനുള്ള പ്രാർഥനയും ഉൾപ്പെടുന്നു. പത്താം അധ്യായത്തിൽ പന്ത്രണ്ടു ശിഷ്യന്മാരെ നിയമിക്കുന്നതും അയയ്ക്കുന്നതും, അധ്യായം പതിനൊന്നിൽ രാജാവിനെ ഇളക്കുന്നതിനുള്ള യോഹന്നാന്റെ ശ്രമവും, രാജാവിന്റെ ഉത്തരവും, യോഹന്നാനെക്കുറിച്ചുള്ള അവന്റെ വിലയിരുത്തലും, ശാഠ്യമുള്ള തലമുറയെ അവൻ ശാസിക്കുന്നതും, തന്റെ വിശ്രമത്തിലേക്ക് ജനത്തെ വിളിക്കുന്നതും നമുക്കുണ്ട്. ഒടുവിൽ, പന്ത്രണ്ടാം അധ്യായത്തിൽ, കർത്താവ് തലയാണെന്നും തന്റെ ശരീരത്തിലെ അവയവങ്ങൾക്കുവേണ്ടി അവൻ കരുതുന്നുവെന്നും കാണിക്കുന്നതിന് ശബ്ബത്തിൻ ചട്ടങ്ങൾ ലംഘിക്കുന്നതും, രാജ്യത്തിനുവേണ്ടിയുള്ള യുദ്ധവും, രാജാവിന്റെ തിരസ്കരണത്തിന്റെ ഉച്ചസ്ഥിതിയും, തലമുറ വഷളായിത്തീരുന്നതിന്റെ പ്രവചനവും, യെഹൂദ തലമുറയെ ഉപേക്ഷിച്ചുകൊണ്ട് വിശ്വാസികളിലേക്ക് തിരിയുന്നതും ഉൾപ്പെടുന്നു.

കർത്താവ് തന്റെ ശുശ്രൂഷ തുടർന്നപ്പോൾ രാജ്യസ്ഥാപനം ഒരു അളവുവരെ നിവർത്തിക്കപ്പെട്ടിരുന്നു. എങ്കിലും, യെഹൂദ തലമുറ കർത്താവിനെ പൂർണമായി തിരസ്കരിച്ചതുകൊണ്ട് അവരിൽനിന്നും തന്റെ വിശ്വാസികളിലേക്ക് തിരിയുവാൻ അവൻ നിർബന്ധിതനായി. ഇത് ഗൗരവമുള്ള ഒരു നീക്കമായിരുന്നു, യിസ്രായേലിൽനിന്നും ജാതികളിലേക്കുള്ള, സ്വാഭാവിക ജനനമനുസരിച്ചുള്ള ബന്ധത്തിൽനിന്നും ആത്മാവിലുള്ള ബന്ധത്തിലേക്കുള്ള തിരിവായിരുന്നു. അതുകൊണ്ട്, പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനത്തിൽ മത്തായിയുടെ സുവിശേഷം ഒരു വിഭജനം അടയാളപ്പെടുത്തുന്നു.

നാം കണ്ടതുപോലെ, അഞ്ചും ആറും ഏഴും അധ്യായങ്ങൾ രാജ്യത്തിന്റെ ആന്തരിക യാഥാർഥ്യത്തെ വെളിപ്പെടുത്തുന്നു. ഈ ഭരണഘടന ഏഴു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു: രാജ്യജനത്തിന്റെ പ്രകൃതം (5:1-12); ലോകത്തിന്മേലുള്ള രാജ്യജനത്തിന്റെ സ്വാധീനം (5:13-16); രാജ്യജനത്തിന്റെ പ്രമാണം (5:17-48); രാജ്യജനത്തിന്റെ നീതിപ്രവൃത്തികൾ (6:1-18); സമ്പത്തിനോടുള്ള രാജ്യജനത്തിന്റെ ഇടപെടൽ (6:19-34); മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വം (7:1-12); രാജ്യജനത്തിന്റെ ജീവിതത്തിന്റെയും വേലയുടെയും അടിത്തറ (7:13-29). ഈ ഏഴ് ഭാഗങ്ങളിൽ രാജ്യത്തിന്റെ സ്വർഗീയവും ആത്മികവുമായ യാഥാർഥ്യത്തെ നാം കാണുന്നു. ഇത് പെരുമാറ്റമോ ബാഹ്യമായ ജീവിതമോ അല്ല; ഇത് യാഥാർഥ്യത്തിലുള്ള സ്വർഗരാജ്യമാണ്. പതിമൂന്നാം അധ്യായത്തിൽ മുഖ്യമായും വെളിപ്പെടത്തിയിരിക്കുന്നത്

സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തെയാണ്. ആന്തരികമായ യാഥാർത്ഥ്യം ഒരു കാര്യവും, ബാഹ്യമായ വ്യാജഭാവം മറ്റൊന്നുമാണ്.

ചരിത്രത്തിലുടനീളം, രാജ്യത്തിന്റെ ആന്തരിക യാഥാർത്ഥ്യവും ബാഹ്യമായ വ്യാജഭാവവും തമ്മിലുള്ള വ്യത്യാസത്തിന്റെ ഈ കാര്യം വിരലിലെണ്ണാവുന്ന ക്രിസ്ത്യാനികൾ മാത്രമേ കണ്ടിട്ടുള്ളൂ. റോബർട്ട് ഗോവെറ്റും അദ്ദേഹത്തിന്റെ വിദ്യാർഥിയായ D.M. പാന്റണും ഇത് കണ്ടിട്ടുണ്ട്; ബ്രദറൻകാർക്കിടയിലെ ഒരു ഉപദേഷ്ടാവായ G.H. ലാങ്ങും ഒരളവുവരെ ഈ കാര്യം കണ്ടിട്ടുണ്ടെങ്കിലും, അദ്ദേഹം ഗേവെറ്റും പാന്റണും കണ്ടതുപോലെ കൃത്യമായും വ്യക്തമായും അതു കണ്ടില്ല. ഗേവെറ്റിന്റെയും പാന്റണിന്റെയും എഴുത്തുകളിൽനിന്നും നമുക്ക് ഗണ്യമായ സഹായം ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ കർത്താവിന് നമ്മെ മുമ്പോട്ട് നയിച്ചതിനാൽ നാം അവന് സ്തോത്രം ചെയ്യുന്നു. കൂടുതൽ വിശദമായും വളരെ ആഴത്തിലും സ്വർഗരാജ്യത്തെ നാം കണ്ടിരിക്കുന്നു. പ്രത്യേകിച്ചും കഴിഞ്ഞ പതിനഞ്ചു വർഷക്കാലത്തിൽ ഈ വിഷയം എനിക്ക് വളരെ വ്യക്തമായിത്തീർന്നിരിക്കുന്നു എന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. 1936-ൽ ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ ആദ്യമായി എഴുതി. ആ ചെറിയ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷമുള്ള നാൽപതിലധികം വർഷങ്ങളിൽ സ്വർഗരാജ്യത്തെ സംബന്ധിച്ച് ഞാൻ കൂടുതൽ കൂടുതൽ വ്യക്തതയുള്ളവനായി ത്തീർന്നു.

സ്വർഗരാജ്യത്തെ സംബന്ധിച്ച അടിസ്ഥാന കാര്യം ആന്തരികമായ യാഥാർത്ഥ്യവും ബഹ്യമായ വ്യാജഭാവവും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചറിയുന്നതാണ്. ഈ രണ്ടു കാര്യങ്ങൾ തമ്മിലുള്ള വ്യത്യാസം നിങ്ങൾ വേർതിരിച്ചറിയുന്നില്ലെങ്കിൽ, സ്വർഗരാജ്യത്തെ സംബന്ധിച്ച ഈ പുസ്തകത്തെ മനസ്സിലാക്കുവാൻ നിങ്ങൾക്ക് കഴിയുകയില്ല.

അഞ്ചു മുതൽ ഏഴു വരെയുള്ള അധ്യായങ്ങളിലെ രാജ്യത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഭാഗത്തിനും, പതിമൂന്നാം അധ്യായത്തിലെ രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തെക്കുറിച്ചുള്ള ഭാഗത്തിനും പുറമെ സ്വർഗരാജ്യത്തെ മനസ്സിലാക്കുന്നതിൽ തുല്യമായി നിർണായകമായ മൂന്നാമത്തെ ഒരു ഭാഗമുണ്ട്: ഇരുപത്തിനാലാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒലിവുമലയിൽവച്ച് നൽകപ്പെട്ട കർത്താവിന്റെ പ്രവചനം. രാജ്യത്തിന്റെ യാഥാർത്ഥ്യം മലയിൽവച്ച് വെളിപ്പെടുത്തുകയും, രാജ്യത്തിന്റെ വ്യാജഭാവം കടൽക്കരയിൽവച്ച് വെളിപ്പെടുത്തുകയും, രാജ്യത്തിന്റെ പ്രത്യക്ഷത പ്രവചനമായി അതും ഒരു മലയിൽവച്ച് സംസാരിക്കുകയും ചെയ്തു. രാജ്യത്തിന്റെ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തിയ മല ഭരണകൂടത്തിന്റെ സിരാകേന്ദ്ര

മേഖലയിലായിരുന്നില്ല, മറിച്ച്, യാഥാർഥ്യം നമ്മുടെ അനുദിന ജീവിതത്തോട് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഉപജീവനത്തോടു ബന്ധപ്പെട്ട മേഖലയായിരുന്നു. ഇത് ഭരണനിർവഹണത്തിന്റെയോ ഭരണകൂടത്തിന്റെയോ ഒരു വിഷയമല്ല.

യിസ്രായേൽദേശത്തിന്റെ ഭൂമിശാസ്ത്രപരമായ ലക്ഷണങ്ങൾ അർഥപൂർണമാണ്. ഭരണപരമായ കേന്ദ്രം വിശുദ്ധദേശത്തിന്റെ മധ്യത്തിലുള്ള മലമ്പ്രദേശമാണ്. മലമ്പ്രദേശത്തിന്റെ ഏറ്റവും മുകളിലും അതിന്റെ നടുക്കും തലസ്ഥാനമായ യെരൂശലേം ആണ്. ഈ പ്രദേശത്ത് രാജാവ് തന്റെ ഭരണനിർവഹണം പ്രയോഗിക്കുന്നു. വടക്കോട്ടും തെക്കോട്ടും രണ്ടു പ്രദേശങ്ങളുണ്ട്; അത് ഒരു ഉപജീവനത്തിന് കൃഷിക്കുവേണ്ടി ഉള്ളതാണ്. കഴിഞ്ഞ തവണ ഞങ്ങൾ അവിടെ പോയപ്പോൾ ഈ കാര്യം ഞാൻ വ്യക്തമായി കണ്ടു. തെക്കുള്ള ബേർശേബ ഗോതമ്പും യവവുംകൊണ്ട് നിറഞ്ഞിരിക്കുന്നു; കൃഷിക്കുവേണ്ടിയുള്ള സമ്പന്നമായ ഒരു ഭൂപ്രദേശമാണെന്ന് അത് സൂചിപ്പിക്കുന്നു. ശമര്യയോട് അടുത്തു കിടക്കുന്ന യെരൂശലേമിന്റെ വടക്കുള്ള ദേശം സമ്പന്നമായ, പച്ച സമതലമാണ്. ഇതും ജനം ഉപജീവനം കഴിക്കുവാൻ കൃഷിക്കുള്ള ഭൂപ്രദേശമാണ്. ഈ രണ്ട് മേഖലകളുടെ മധ്യത്തിലാണ് ഭരണകൂടപരമായ ഭരണനിർവഹണം. രാജ്യത്തിന്റെ യാഥാർഥ്യത്തെ വെളിപ്പെടുത്തിയത് ഭരണനിർവഹണ പ്രദേശത്തിലല്ല, പിന്നെയോ ജീവനത്തിന്റെ പ്രദേശത്തിലാണ്. എങ്കിലും, അത് വെളിപ്പെടുത്തപ്പെട്ടത് ഒരു മലയിൽ വച്ചാണ്. രാജ്യത്തിന്റെ പ്രത്യക്ഷത തലസ്ഥാനത്തിന് അടുത്തുള്ള ഭരണനിർവഹണ പ്രദേശത്തിലുള്ള ഒരു മലയിൽവച്ച് പ്രവചിക്കപ്പെട്ടിരുന്നു. ഇത് അർഥവത്താണ്, കാരണം പ്രത്യക്ഷത ഭരണനിർവഹണത്തോട്, ഭരണകൂടത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഈ വിഷയത്തിന് പ്രാധാന്യമില്ലെന്ന് ചിന്തിക്കരുത്. കർത്താവായ യേശു രാജ്യത്തിന്റെ യാഥാർഥ്യത്തെയും, വ്യാജഭാവത്തെയും, പ്രത്യക്ഷതയെയും കുറിച്ച് സംസാരിക്കുവാൻ മനഃപൂർവം ഈ സ്ഥലങ്ങളിലേക്കു പോയി. രാജ്യത്തിന്റെ ഈ മൂന്ന് വശങ്ങൾ നിങ്ങളിൽ മതിപ്പുളവാക്കിയിട്ടുണ്ടെങ്കിൽ, നിങ്ങൾ മത്തായിയുടെ സുവിശേഷം മനസ്സിലാക്കും.

രാജ്യത്തിന്റെ യാഥാർഥ്യം നാം കണ്ടിരിക്കുന്നതിനായി കർത്താവിന് സ്തോത്രം ചെയ്യുന്നു. ഇനി നാം രാജ്യത്തിന്റെ വ്യാജഭാവത്തെ കാണണം. അഞ്ച്, ആറ്, ഏഴ് അധ്യായങ്ങളിൽ വ്യാജമായതൊന്നുമില്ല; സകലവും നിർമലവും, നിർവ്യാജവും, സ്വർഗീയവും, ആത്മികവും, ഒരളവോളം ദിവ്യവുമാണ്. ഈ അധ്യായങ്ങളിൽ രാജ്യജനത്തിന്റെ പ്രകൃതവും ലോകത്തിന്മേൽ അവർ ചെലുത്തുന്ന സ്വാധീനവും നാം കാണുന്നു. അവർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണ്. രാജ്യജനത്തിന്റെ ഉയർത്തപ്പെട്ട പ്രമാണത്തെയും രാജ്യജനത്തിന്റെ നീതിപ്രവൃത്തികളെയുംകൂടെ നാം കാണുന്നു.

ഈ പ്രവൃത്തികൾ നിർമലവും, നിർവ്യാജവും, യഥാർഥവും, യാതൊരു ബാഹ്യ പ്രദർശനവുംകൂടാതെ രഹസ്യത്തിൽ ചെയ്യുതും ആണ്. കൂടാതെ, ഭൗതിക സമ്പത്തിനോടുള്ള രാജ്യജനത്തിന്റെ മനോഭാവവും സമ്പത്തിനെ സംബന്ധിച്ച് അവർക്ക് യാതൊരു ചിന്താഭാരവും ഇല്ല എന്ന വസ്തുതയും നാം കാണുന്നു. അവസാനമായി, മറ്റുള്ളവരോട് ഇടപെടുന്നതിലുള്ള രാജ്യജനത്തിന്റെ തത്ത്വത്തെയും അവരുടെ ജീവിതത്തിന്റെയും വേലയുടെയും അടിത്തറയെയും നാം കാണുന്നു. രാജ്യത്തിന്റെ യാഥാർഥ്യത്തെ സംബന്ധിച്ച ഈ ഭാഗത്ത് സകലവും യഥാർഥവും, നിർമലവും, ആത്മികവും, സ്വർഗീയവുമാണ്.

രാജ്യത്തിന്റെ വ്യാജഭാവത്തെ സംബന്ധിച്ച അധ്യായമായ പതിമൂന്നാം അധ്യായത്തിലെ സാഹചര്യം മൊത്തത്തിൽ വ്യത്യസ്തമാണ്. ഈ അധ്യായത്തിൽ നമുക്ക് കളയും (വാ. 25-30), അതിന്റെ തരത്തിനനുസരിച്ചല്ലാത്തതായ ഒരു വലിയ വൃക്ഷവും (വാ. 31-32) ഉണ്ട്. ഉല്പത്തി 1-ൽ ദൈവം സകലത്തെയും, പ്രത്യേകിച്ചും സസ്യങ്ങളെയും സസ്യജാലങ്ങളെയും അതതിന്റെ പ്രകൃതത്തിനനുസരിച്ച് സൃഷ്ടിച്ചു. ഉദാഹരണത്തിന്, ഒരു ആപ്പിൾ, ആപ്പിളിന്റെ പ്രകൃതത്തിനനുസരിച്ചും, പഴം, പഴത്തിന്റെ പ്രകൃതത്തിനനുസരിച്ചുമാണ്. എന്നാൽ മത്തായി 13-ൽ ഒരു കടുകുമണി ഒരു വലിയ വൃക്ഷമായിത്തീരുന്നു. ഇതു സൂചിപ്പിക്കുന്നത് അതിന്റെ പ്രകൃതത്തെ അത് മാറ്റുന്നു, അത് ഇനിമേൽ അതിന്റെ പ്രകൃതത്തിനനുസരിച്ചല്ല എന്നാണ്. അതുകൊണ്ട്, ഈ അധ്യായത്തിൽ നാട്യത്തിന്റേതായ ചിലത്, യാഥാർഥ്യമല്ലാത്ത ഒരു വ്യാജഭാവം നാം കാണുന്നു. കളകളെയും നാട്യത്തെയും കൂടാതെ പുളിപ്പും ഉണ്ട് (വാ. 33). രാജ്യത്തിന്റെ വ്യാജഭാവത്തിൽ കാണപ്പെടുന്ന ഇവയെല്ലാം രാജ്യത്തിന്റെ വ്യാജഭാവത്തെ കലർപ്പുള്ളതാക്കുവാൻ ഇടയാക്കുന്നു.

ഇന്നത്തെ ക്രൈസ്തവലോകത്തിൽ ഈ കലർപ്പിനെ കാണാൻ എളുപ്പമാണ്. ഇന്നത്തെ ക്രൈസ്തവലോകം സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ മത്തായി 13-ലുള്ള ഛായാചിത്രത്തോട് കൃത്യമായി യോജിക്കുന്നു. ക്രൈസ്തവലോകത്തിൽ ദശലക്ഷക്കണക്കിന് കളകളും, ഒരു മഹാനാട്യവും, ദുഷിപ്പിക്കുന്ന പുളിപ്പും ഉണ്ട്. എന്നാൽ, ഇവയിലുള്ള യാതൊന്നും അഞ്ചും ആറും ഏഴും അധ്യായങ്ങളിൽ കാണുന്നില്ല: അവിടെ സകലവും യഥാർഥവും, നിർമലവും, ആത്മികവും, സ്വർഗീയവും ആണ്. എന്നാൽ പതിമൂന്നാം അധ്യായത്തിൽ എന്തൊരു കലർപ്പാണ് നാം കാണുന്നത്!

രാജ്യത്തിന്റെ പ്രത്യക്ഷതയെ സംബന്ധിച്ച ഇരുപത്തിനാലാം അധ്യായത്തിലേക്ക് നാം വരുമ്പോൾ പരീക്ഷയുടെ സമയം പതിവായുള്ള പഠനത്തിന്റെ സമയത്തെക്കാൾ

കർക്കശമാകുന്നതുപോലെ, പ്രത്യക്ഷത യാഥാർഥ്യത്തെക്കാൾ കൂടുതൽ കർക്കശമാണെന്ന് നാം കാണും. വിദ്യാർഥികൾ അവരുടെ സ്കൂൾജീവിതത്തിന്റെ യാഥാർഥ്യത്തിൽ തിങ്കൾ മുതൽ വെള്ളി വരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു, എന്നാൽ വാരാന്ത്യത്തിൽ അവർ കളിക്കുകയോ, നൃത്തത്തിനോ, സിനിമയ്ക്കോ പോകുകയോ ചെയ്തേക്കാം. അത് രാജ്യത്തിന്റെ വ്യാജഭാവത്തെപ്പോലെയാണ്. വിദ്യാർഥികൾ അത്രത്തോളം സന്തോഷവും ആനന്ദവും ഉള്ളവരായിരിക്കരുത്, കാരണം അവർ വരാനിരിക്കുന്ന പരീക്ഷയെ പരിഗണിക്കണം. കൂടാതെ, ബിരുദമെടുക്കുന്നതിനെക്കുറിച്ച് അവർ ചിന്തിക്കണം, അതായിരിക്കും പ്രത്യക്ഷതയുടെ സമയം. ഈ മൂന്നു കാര്യങ്ങളാൽ—യാഥാർഥ്യത്താലും, വ്യാജഭാവത്താലും, പ്രത്യക്ഷതയാലും—മത്തായിയുടെ സുവിശേഷം മനസ്സിലാക്കുവാൻ നാം പ്രാപ്തരാണ്.

പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനഭാഗത്ത് യിസ്രായേൽ മുറിച്ചുമാറ്റപ്പെടുകയും ജാതികൾ ഒട്ടിച്ചുചേർക്കപ്പെടുകയും ചെയ്തു. ഈ ഘട്ടത്തിൽ Dr. സ്കോഫീൽഡ് ഉൾപ്പടെയുള്ള ചില ഉപദേഷ്ടാക്കന്മാർ ഒരു വലിയ തെറ്റു വരുത്തി. പന്ത്രണ്ടാം അധ്യായത്തിനുശേഷം, യിസ്രായേലിന്റെ അവിശ്വാസം നിമിത്തം, രാജ്യം താൽക്കാലികമായി മാറ്റിവയ്ക്കപ്പെട്ടു എന്ന് അവർ പറയുന്നു. മാറ്റിവയ്ക്കുന്നതിനുപകരം രാജ്യം മറ്റൊരു ജനതയ്ക്ക് നൽകപ്പെട്ടു എന്നത് അവർ കാണുന്നില്ല. "ഇപ്പോൾ മുതൽ എനിക്ക് സഹോദരന്മാരോ, സഹോദരിമാരോ, അമ്മയോ ഇല്ല" എന്ന് കർത്താവു പറഞ്ഞില്ല. അവൻ ഇങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ, രാജ്യം മാറ്റിവയ്ക്കപ്പെടുന്നതാകുമായിരുന്നു. ഒരു ജനത്തിൽനിന്നും മറ്റൊന്നിലേക്ക് തിരിക്കുകയായിരുന്നു കർത്താവു ചെയ്തത്. കർത്താവ് ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എന്റെ പിതാവിൽനിന്നു ജനിക്കുകയും, അവന്റെ ജീവനാൽ ജീവിക്കുകയും ചെയ്തുകൊണ്ട് എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവർ, അവരാണ് എന്റെ സഹോദരനും, സഹോദരിയും, അമ്മയും." തന്മൂലം, രാജ്യം മാറ്റിവയ്ക്കപ്പെട്ടില്ല. മറിച്ച്, അത് ഒരു ജനത്തിൽനിന്നും മറ്റൊന്നിലേക്ക് സ്ഥാനമാറ്റം ചെയ്തിരിക്കുന്നു.

## I. രാജ്യത്തിന്റെ പ്രാരംഭ വേല

### A. സ്വർഗീയ രാജാവ് വീട്ടിൽനിന്നു പുറത്തേക്കു പോയി കടലരികെ ഇരുന്നു

മത്തായി 13:1 പറയുന്നു, "ആ ദിവസം യേശു വീട്ടിൽനിന്ന് പുറത്തേക്കു പോയി കടലിനരികെ ഇരുന്നു." നിരവധി ക്രിസ്തീയ ഉപദേഷ്ടാക്കന്മാർക്ക് ഈ വാക്യം പ്രാധാന്യമില്ലാത്തതാണ്. ഒരു യുവാവെന്ന നിലയിൽ ഞാൻ ഈ വാക്യം വായിച്ചപ്പോൾ അത് എനിക്ക് യാതൊന്നും അർഥമാക്കിയില്ല. എന്നാൽ ഈ വാക്യം വളരെ

അർഥവത്താണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. പന്ത്രണ്ടാം അധ്യായത്തിന്റെ അവസാനഭാഗത്ത് യെഹൂദ നേതാക്കന്മാരാൽ പൂർണമായി തിരസ്കരിക്കപ്പെട്ടശേഷം സ്വർഗീയ രാജാവ് അവരുമായി ഒരു അകൽച്ച വരുത്തി. ആ ദിവസം കടലിനരികെ ഇരിക്കുന്നതിന് അവൻ വീട്ടിൽനിന്ന് പുറത്തേക്കു പോയി. ഇത് വളരെ അർഥവത്താണ്. വീട് യിസ്രായേൽഗൃഹത്തെ സൂചിപ്പിക്കുകയും (10:6), കടൽ ജാതീയ ലോകത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു (ദാനീ. 7:3,17; വെളി. 17:15). കടലിനരികെ ഇരിക്കുന്നതിന് വീട്ടിൽനിന്ന് രാജാവ് പുറത്തേക്കു പോയി എന്നത് യെഹൂദന്മാരുമായുള്ള അവന്റെ അകൽച്ചയ്ക്കുശേഷം അവൻ യിസ്രായേൽഗൃഹത്തെ ഉപേക്ഷിക്കുകയും ജാതികളിലേക്ക് തിരിയുകയും ചെയ്യുവെന്ന് സൂചിപ്പിക്കുന്നു. ഇതിനു ശേഷമായിരുന്നു കടൽത്തീരത്തുവച്ച് അവൻ രാജ്യത്തിന്റെ മർമങ്ങളെ സംബന്ധിച്ച ഉപമകൾ നൽകിയത്. ഇതു സൂചിപ്പിക്കുന്നത് രാജ്യത്തിന്റെ മർമങ്ങൾ സഭയിൽ വെളിപ്പെടുത്തിയിരക്കുന്നു എന്നാണ്. തന്മൂലം, ഈ അധ്യായത്തിലെ എല്ലാ ഉപമകളും യെഹൂദന്മാരോടല്ല, അവന്റെ ശിഷ്യന്മാരോടായിരുന്നു സംസാരിച്ചിരുന്നത്.

പതിമൂന്നാം അധ്യായത്തിലെ "ആ ദിവസം" എന്ന ആദ്യത്തെ രണ്ടു വാക്കുകൾ പതിമൂന്നാം അധ്യായത്തെ പന്ത്രണ്ടാം അധ്യായത്തോട് ബന്ധിപ്പിക്കുന്നു; അത് 12:1-ലെ "ആ സമയത്ത്" എന്ന വാക്കുകൾ പന്ത്രണ്ടാം അധ്യായത്തെ പതിനൊന്നാം അധ്യായത്തോട് ബന്ധിപ്പിച്ചതു പോലെയായിരുന്നു. "ആ ദിവസം" എന്ന വാക്കുകൾ യിസ്രായേലിനെ ഉപേക്ഷിച്ചുവെന്ന് കർത്താവ് പ്രഖ്യാപിച്ച ദിവസത്തെ, അവൻ യിസ്രായേലിനെ മുറിച്ചുമാറ്റുകയും ജാതീയ വിശ്വാസികളെ ഒട്ടിച്ചുചേർക്കുകയും ചെയ്ത ദിവസത്തെ പരാമർശിക്കുന്നു. ആ ദിവസം യിസ്രായേൽഗൃഹത്തെ സൂചിപ്പിക്കുന്ന വീട്ടിൽനിന്ന് ജാതീയ ലോകത്തെ സൂചിപ്പിക്കുന്ന കടലിലേക്ക് അവൻ പുറപ്പെട്ടു പോയി. വീട്ടിൽനിന്നും കടലിലേക്കുള്ള ഈ നീക്കം അവന്റെ പ്രഖ്യാപനത്തോട് ഒത്തിരിക്കുന്നു. തന്റെ സ്വാഭാവിക ബന്ധുക്കളുമായി ഇനിമേൽ തനിക്ക് യാതൊരു കാര്യവുമില്ലെന്നും, എന്നാൽ വിശ്വസിക്കുന്ന ജാതികളിലേക്ക് താൻ തിരിഞ്ഞിരിക്കുന്നുവെന്നും അവൻ പ്രഖ്യാപിച്ചിരിക്കുന്നു. ഇപ്പോൾ തന്റെ പ്രഖ്യാപനമനുസരിച്ച് അവൻ നടക്കുകയായിരുന്നു. അതുകൊണ്ട്, ഈ വാക്യം വളരെ അർഥവത്താണെന്ന് നാം കാണുന്നു.

## B. കടൽത്തീരത്ത് രാജാവിന്റെ അടുക്കൽ വലിയ പുരുഷാരം കൂടിവരുന്നു

വലിയ പുരുഷാരം അവന്റെ അടുക്കൽ കൂടിവന്നുവെന്നും വാക്യം 2 പറയുന്നു. എന്നാൽ ഈ വലിയ പുരുഷാരത്തിലുള്ളവരെല്ലാം അവന്റെ ബന്ധുക്കളായിത്തീർന്നുവെന്ന് ഇത് അർഥമാക്കുന്നില്ല.

## C. രാജാവ് സഭ എന്ന പടകിലേക്ക് കയറുന്നു

വാക്യം 2 പറയുന്നു, "വലിയ പുരുഷാരം അവന്റെ അടുക്കൽ കൂടിവന്നു, അവൻ ഒരു പടകിലേക്കു കയറി ഇരുന്നു, പുരുഷാരമെല്ലാം തീരത്ത് നിന്നു." കടലിലായിരുന്നതും എന്നാൽ കടലിന്റേതല്ലാത്തതുമായ പടക്, ലോകത്തിൽ ആയിരിക്കുകയും എന്നാൽ ലോകത്തിന്റേതല്ലാത്തതുമായ സഭയെ സൂചിപ്പിക്കുന്നു. കടൽ ജാതീയ ലോകവും, പടക് ജാതീയ ലോകത്തിലുള്ള സഭയും ആണ്. യെഹൂദന്മാരെ ഉപേക്ഷിക്കുകയും ജാതികളിലേക്ക് തിരിയുകയും ചെയ്തതിനുശേഷം, പടകാകുന്ന സഭയിൽ ആയിരുന്നു സ്വർഗീയ രാജ്യത്തിന്റെ രാജാവ് ഉപമകളിൽ രാജ്യത്തിന്റെ മർമങ്ങൾ വെളിപ്പെടുത്തിയത്. ഹല്ലേലൂയ്യാ, നാം ഇന്ന് വീടോ കടലോ അല്ല—നാം പടകാണ്! നാം രാജാവുകൂടെയുള്ള പടകാണ്. ഒരു ദിവസം രാജാവ് നമ്മുടെ പടകിലേക്ക് കയറി. ഇപ്പോൾ സഭയെന്ന നമ്മുടെ പടകിൽ നമുക്ക് രാജാവുണ്ട്. എന്നാൽ പുരുഷാരം തീരത്തു നിൽക്കുകയായിരുന്നു. നിങ്ങൾ തീരത്തു നിൽക്കുകയാണോ, അതോ രാജാവിനോടുകൂടെ പടകിലാണോ? ഞാൻ കടൽത്തീരത്തു നിൽക്കുകയല്ല—ഞാൻ പടകിലാണെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

## Mon D. രാജാവ് പുരുഷാരത്തോട് ഉപമകളിൽ സംസാരിക്കുന്നു

വാക്യം 3 പറയുന്നു, "അവൻ അവരോട് അനേകം കാര്യങ്ങൾ ഉപമകളിൽ സംസാരിച്ചു പറഞ്ഞു." കടലിൽ പടകിൽ ഇരുന്നുകൊണ്ട് അവൻ ഈ ഉപമകൾ പറഞ്ഞു. രാജ്യത്തിന്റെ മർമങ്ങൾ അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ വീടിനെ ഉപേക്ഷിക്കുകയും, കടൽത്തീരത്ത് നിൽക്കാതെ, കർത്താവിനോട് അടുത്തുള്ള പടകിലേക്ക് കയറുകയും വേണം. ഈ ഒരു സ്ഥലം മാത്രമാണ് രാജ്യത്തിന്റെ മർമങ്ങൾ മനസ്സിലാക്കുവാൻ നമുക്ക് കഴിയുന്ന ഇടം. ഓ, നാം സഭയിൽ, പടകിൽ ആണ്! സഭ യിസ്രായേൽഗൃഹമോ ജാതികളുടെ കടലോ അല്ല; മറിച്ച്, അത് വിശ്വാസികളുടെ പടകാണ്. സഭയിൽ രാജ്യത്തിന്റെ എല്ലാ മർമങ്ങളും നമുക്ക് വെളിപ്പെടുത്തിത്തരുന്നു.

രാജ്യത്തിന്റെ മർമങ്ങൾ അറിയുന്നതിന് നാം ഉപമകൾ വ്യാഖ്യാനിക്കുന്നതിന്റെ വൈദഗ്ധ്യം പഠിക്കണം. വേദപുസ്തകത്തെ എങ്ങനെ ദൃഷ്ടാന്തീകരിക്കണമെന്ന് നിങ്ങൾക്ക് അറിയില്ലെങ്കിൽ ഉപമകൾ വ്യാഖ്യാനിക്കുവാൻ നിങ്ങൾ പ്രാപ്തരായിരിക്കുകയില്ല. ഉദാഹരണത്തിന്, പടക് ഒരു ഉപമയാണ്. അതിനെ ദൃഷ്ടാന്തീകരിക്കുവാൻ നിങ്ങൾക്കറിയില്ലെങ്കിൽ നിങ്ങൾക്കെങ്ങനെ അതിനെ വ്യാഖ്യാനിക്കുവാൻ കഴിയും? എതിർക്കുന്നവരെല്ലാം ഈ മാർഗത്തെ പിൻതുടരേണ്ടത് ആവശ്യമാണ്. അപ്പോൾ അവർ വേദപുസ്തകത്തെ അറിയും. എങ്കിലും,

വേദപുസ്തകത്തെ ദൃഷ്ടാന്തീകരിക്കാനുള്ള മാർഗം അവർക്കില്ലാത്തതു കൊണ്ട് അവർക്ക് അത് അറിയില്ല. തിരുവെഴുത്തുകളെ ദൃഷ്ടാന്തീക രിക്കുവാനുള്ള മാർഗം നമുക്കുള്ളതുകൊണ്ട്, നമുക്ക് വീടിന്റെയും, കടലിന്റെയും, പടകിന്റെയും പ്രാധാന്യം അറിയാം. കൂടാതെ, നമുക്ക് എല്ലാ ഉപമകളും അറിയാം. ഉപമകൾ അറിയുന്നതിൽ ഞാൻ എത്ര സന്തോഷമുള്ളവനായിരിക്കുന്നു!

അമ്പതു വർഷങ്ങൾക്കുമുമ്പ് ഞാൻ മത്തായി 13 വായിച്ചപ്പോൾ, നിരവധി കാര്യങ്ങളാൽ ഞാൻ വിഷമിച്ചിരുന്നു. ഈ അധ്യായത്തിൽ കാണുന്ന കാര്യങ്ങളെക്കുറിച്ച് എനിക്ക് ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങളുണ്ടായിരുന്നു. മത്തായി 13-നെക്കുറിച്ചുള്ള ചില പുസ്തകങ്ങൾ ഞാൻ വാങ്ങിച്ചുവെങ്കിലും അതെല്ലാം മൂല്യമില്ലാത്തതാ യിരുന്നു. പുളിപ്പ് ഇന്നത്തെ ക്രിസ്തുമതത്തിന്റെ ശക്തിയെ പരാമർ ശിക്കുന്നുവെന്നും, വൃക്ഷം മനോഹരമാണെന്നും ക്രിസ്തുമതത്തിന്റെ മഹത്തായ സംഘടനയാണെന്നുപോലും ഈ പുസ്തകങ്ങൾ പറഞ്ഞു. എന്നാൽ ഞാൻ ആ പുസ്തകങ്ങൾ വായിച്ചപ്പോൾ എന്റെ ഉള്ളിൽ ഒരു നല്ല അനുഭൂതി എനിക്കുണ്ടായിരുന്നില്ല; അവർ പറഞ്ഞത് ഞാൻ വിശ്വസിച്ചില്ല. എങ്കിലും, ഈ അധ്യായം മനസ്സിലാക്കുവാൻ ഒരു വഴി എനിക്കുണ്ടായിരുന്നില്ല. അതുകൊണ്ട്, വേദപുസ്തകം വാക്യം പ്രതി വാക്യമായി അറിയാനുള്ള എന്റെ ആഗ്രഹത്തെ സഹോരൻ നീയോട് പറയുകയും, ഈ വിഷയത്തിൽ എന്നെ സഹായിക്കുവാനുള്ള നല്ല പുസ്തകം ശുപാർശ ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ഞാൻ അദ്ദേഹത്തിന് എഴുതി. ജോൺ നെൽസൻ ഡാർബിയുടെ *"Synopsis of the Bible" (വേദപുസ്തകത്തിന്റെ സംഗ്രഹം)* ആയിരുന്നു ഏറ്റവും നല്ല പുസ്തക സമാഹാരമെന്ന് അദ്ദേഹത്തിന്റെ മറുപടിയിൽ അദ്ദേഹം എന്നോടു പറഞ്ഞു. എങ്കിലും, ഡാർബിയുടെ *സംഗ്രഹം* മനസ്സിലാക്കുവാൻ അത്യധികം പ്രയാസമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. നിരവധി വർഷങ്ങൾക്കുശേഷം ഞാൻ ഡാർബിയുടെ *സംഗ്രഹം* വായിച്ചപ്പോൾ സഹോദരൻ നീ പറഞ്ഞത് സത്യമാണെന്ന് ഞാൻ കണ്ടെത്തി. ഡാർബിയുടെ എഴുത്ത് എനിക്ക് മനസ്സിലാക്കുവാനേ കഴിഞ്ഞില്ല. സത്യം പറഞ്ഞാൽ, മത്തായി മനസ്സിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഡാർബിയുടെ *സംഗ്രഹ*ത്തിൽനിന്നും എനിക്ക് യാതൊരു സഹായവും ലഭിച്ചില്ല. എന്നാൽ ഉപമകൾ അറിയുന്നതിൽ സഹോദരൻ നീയിലൂടെ എനിക്ക് വളരെ സഹായം ലഭിച്ചു. ഇപ്പോൾ മത്തായി 13-ലെ ഉപമകൾ നമുക്കറിയാമെന്ന് പൂർണ ഉറപ്പോടെ എനിക്കു പറയുവാൻ കഴിയും. യാതൊന്നും നമ്മിൽനിന്നു മറഞ്ഞി രിക്കുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം, രാജ്യത്തിന്റെ മർമങ്ങൾ ഇനിമേൽ മർമങ്ങളല്ല, കാരണം ഈ മർങ്ങളെല്ലാം നമുക്ക് തുറക്ക പ്പെട്ടിരിക്കുന്നു.

### *1. സ്വർഗരാജ്യത്തിന്റെ മർമങ്ങൾ പുരുഷാരത്തിന് മറഞ്ഞിരിക്കുന്നു, എന്നാൽ ശിഷ്യന്മാർക്ക് വിശദമാക്കപ്പെട്ടിരിക്കുന്നു*

മത്തായി 13-ലെ ഉപമകൾ നാം ചിന്തിക്കുന്നതിനുമുമ്പ് ഈ അധ്യായത്തിൽ കാണപ്പെടുന്ന ചില മുന്നറിയിപ്പുകളെക്കുറിച്ച് നിങ്ങൾ മതിപ്പുള്ളവരായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 10-ഉം 11-ഉം വാക്യങ്ങൾ പറയുന്നു, "ശിഷ്യന്മാർ വന്ന് അവനോട്, നീ എന്തുകൊണ്ട് അവരോട് ഉപമകളിൽ സംസാരിക്കുന്നു? എന്നു ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞു, കാരണം നിങ്ങൾക്ക് സ്വർഗരാജ്യത്തിന്റെ മർമങ്ങൾ അറിയുവാൻ നൽകപ്പെട്ടിരിക്കുന്നു, എന്നാൽ അവർക്കു നൽകപ്പെട്ടിട്ടില്ല." എതിർക്കുന്നവരും തിരസ്കരിക്കുന്നവരുമായ യെഹൂദന്മാർക്ക് ഉപമകൾ മനസ്സിലാകാതിരിക്കുവാൻ അവ മർമങ്ങളായിരിക്കേണ്ടതിന്, സ്വർഗീയ രാജ്യത്തിന്റെ രാജാവ് രാജ്യത്തിന്റെ കാര്യങ്ങൾ ഉപമകളിൽ വെളിപ്പെടുത്തി (വാ. 34). വിത്തു വിതയ്ക്കുവാൻ രാജാവു വന്ന സമയം മുതൽ കൊയ്ത്തിന്റെ വിളവെടുക്കുവാൻ രാജാവ് മടങ്ങി വരുന്നതുവരെ രാജ്യത്തെ സംബന്ധിച്ച സകലവും സ്വാഭാവിക മനസ്സിന് ഒരു മർമമാണ്. ഒരു കീഴ്പ്പെട്ട ഹൃദയത്തിന്റെ പ്രകാശിപ്പിക്കപ്പെട്ട മനസ്സിനു മാത്രമേ ഈ മർമങ്ങൾ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

എന്തുകൊണ്ട് കർത്താവ് രാജ്യത്തെക്കുറിച്ച് ഉപമകളിൽ സംസാരിക്കുന്നുവെന്ന് ശിഷ്യന്മാർ അവനോട് ചോദിച്ചപ്പോൾ കർത്താവു പറഞ്ഞുകാണും, "അവരിൽനിന്നും മറച്ച് നിങ്ങൾക്ക് അറിയിച്ചു തരുവാനത്രേ. എന്നെയല്ല, സകലവും നിങ്ങളെയും അവരെയും ആശ്രയിച്ചിരിക്കുന്നു. ഞാൻ ഉപമകളിൽ സംസാരിക്കുന്നത് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ എന്നത് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു." വാക്യം 12-ൽ കർത്താവ് തുടർന്നു പറഞ്ഞു, "എന്തെന്നാൽ ഉള്ളവൻ ആരോ അവനു നൽകപ്പെടും, അവന് സമൃദ്ധിയും ഉണ്ടാകും; എന്നാൽ ഇല്ലാത്തവൻ ആരോ അവനുള്ളതും കൂടി അവനിൽനിന്നും എടുത്തു മാറ്റപ്പെടും." "ഉള്ളവൻ" എന്നത് സ്വർഗീയ രാജാവിനെ സ്വീകരിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവനെ പരാമർശിക്കുന്നു; അവന് രാജ്യത്തെ സംബന്ധിച്ച വെളിപാട് സമൃദ്ധിയായി നൽകപ്പെടും. എന്നാൽ ഇല്ലാത്തവൻ എതിർക്കുന്നവനും തിരസ്കരിക്കുന്നവനുമായ യെഹൂദനാണ്; അവനിൽനിന്നും സ്വർഗീയ രാജാവ് സംസാരിച്ചതും ചെയ്തതും എടുത്തു മാറ്റപ്പെടും. ഇതാണ് ഇന്ന് യെഹൂദന്മാരുടെ യഥാർഥ അവസ്ഥ. അവർക്ക് സ്വർഗരാജ്യത്തെ സംബന്ധിച്ച് യാതൊരു പരിജ്ഞാനവുമില്ല. അത് മൊത്തത്തിൽ അവർക്കറിയാത്ത ഒരു മർമമാണ്.

13-ഉം 14-ഉം വാക്യങ്ങൾ പറയുന്നു, "ഇക്കാരണത്താൽ ഞാൻ അവരോട് ഉപമകളിൽ സംസാരിക്കുന്നു, എന്തുകൊണ്ടെന്നാൽ കണ്ടുകൊണ്ട് അവർ കാണുന്നില്ല, കേട്ടുകൊണ്ട് അവർ കേൾക്കുന്നില്ല, മനസ്സിലാക്കുന്നതുമില്ല. അവരിൽ യെശയ്യാവിന്റെ പ്രവചനം പറയുന്നത് നിവൃത്തിയാകുന്നു, 'കേൾവിയാൽ നിങ്ങൾ കേൾക്കും, ഒരുവിധത്തിലും മനസ്സിലാക്കുകയില്ല, കണ്ടുകൊണ്ട് നിങ്ങൾ കാണും, ഒരുവിധത്തിലും ഗ്രഹിക്കുകയുമില്ല.'"

വാക്യം 15 പറയുന്നു, "എന്തെന്നാൽ ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു, അവരുടെ ചെവികൾകൊണ്ട് അവർ ഭാരത്തോടെ കേട്ടിരിക്കുന്നു, അവരുടെ കണ്ണുകൾ അവർ അടച്ചുമിരിക്കുന്നു, അല്ലാഞ്ഞാൽ അവർ തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും, ചെവികൾകൊണ്ട് കേൾക്കുകയും, ഹൃദയംകൊണ്ട് മനസ്സിലാക്കുകയും, അവർ തിരിഞ്ഞുവരുകയും, ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യും." ശാഠ്യമുള്ള ആ തലമുറയിലുള്ളവർ മനസ്സിലാക്കുവാൻ കഴിയാത്തതിന്റെ കാരണം തടിച്ചിരിക്കുന്ന അവരുടെ ഹൃദയം നിമിത്തമാണ്. തടിച്ചതെന്നത് ചിലതുണ്ടെന്നുള്ളതിന്റെ നിഗളത്തെ സൂചിപ്പിക്കുന്നു. ശാഠ്യമുള്ള ആ തലമുറയിലുള്ളവരുടെ ഹൃദയം നിഗളമുള്ളതായിരുന്നു. അതായിരുന്നു പരീശന്മാരുടെ യഥാർഥ സാഹചര്യം. അവരുടെ ഹൃദയം തടിച്ചതായിത്തീർന്നതുകൊണ്ട് അവരുടെ കണ്ണുകളും ചെവികളും ബാധിക്കപ്പെട്ടിരുന്നു. അവർക്ക് കാണുവാൻ കഴിഞ്ഞു, എന്നാൽ ഗ്രഹിക്കുന്നില്ല; അവർക്ക് കേൾക്കുവാൻ കഴിഞ്ഞു, എന്നാൽ മനസ്സിലാക്കുന്നില്ല. തൽഫലമായി, രാജ്യത്തിന്റെ മർമങ്ങൾ അവർക്ക് യാതൊന്നും അർഥമാക്കിയില്ല. എല്ലാ ഉപമകളും അവരുടെ നിഗളം നിമിത്തം കേവലം മർമങ്ങളായിരുന്നു.

ഇതാണ് കൃത്യമായും ഇന്നത്തെ സാഹചര്യം. ചില ക്രിസ്തീയ ഉപദേഷ്ടാക്കന്മാരും നേതാക്കന്മാരും ഇതുപോലുള്ള ഒരു ദൂത് കേൾക്കുമെങ്കിൽ, അവർ അതിനെ കുറ്റംവിധിക്കുകയും, അതിനെ വിമർശിക്കുകയും, അതിനെ തിരസ്കരിക്കുകയും ചെയ്യും. അവർ കേൾക്കുമായിരിക്കും, എന്നാൽ അവർ മനസ്സിലാക്കുകയില്ല. അവർ കാണുമായിരിക്കും, എന്നാൽ അവർ ഗ്രഹിക്കുകയില്ല. അവർക്ക് മനസ്സിലാക്കുവാനോ ഗ്രഹിക്കുവാനോ കഴിയാതിരിക്കുന്നതിന്റെ കാരണം അവരുടെ ഹൃദയത്തിൽ ചിലതുണ്ടായിരിക്കുന്നതിന്റെ നിഗളമാണ്. ബ്രദറൻ ഉപദേഷ്ടാക്കന്മാർ ഈ ദൂത് കേട്ടുവെങ്കിൽ അവർ പറയും, "ഇല്ല, രാജ്യം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. ഇത് രാജ്യത്തിന്റെ യുഗമല്ല; ഇത് സഭയുടെ യുഗമാണ്. രാജ്യത്തിന്റെ യുഗം സഹസ്രാബ്ദത്തിൽ, ആയിരം വർഷത്തെ വരാനിരിക്കുന്ന യുഗത്തിൽ ആയിരിക്കും." ഇത് അവരുടെ ഹൃദയത്തിന്റെ തടിപ്പിനെ, ചിലതുണ്ടെന്നുള്ളതിന്റെ നിഗളത്തെ സൂചിപ്പിക്കുന്നു. മനസ്സിലാക്കുന്നതിലും ഗ്രഹിക്കുന്നതിലുംനിന്ന് ഈ നിഗളം

ജനത്തെ തടയുന്നു. സ്വർഗരാജ്യത്തിന്റെ ഭരണഘടനയിൽ നൽകപ്പെട്ടിരുന്ന ഒന്നാമത്തെ പാഠം നാം പഠിക്കണം: "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ" (5:3). നാം ആത്മാവിൽ ദരിദ്രരായിരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ നമുക്ക് നിഗളം ഉണ്ടായിരിക്കുകയില്ല. നാം യാതൊന്നിനെക്കുറിച്ചും നിഗളിക്കുന്നില്ല. മറിച്ച്, നാം ഭാരമിറക്കിയവരും, ഒഴിഞ്ഞവരും, കർത്താവിൽനിന്നും പുതുതായി ചിലത് സ്വീകരിക്കുവാൻ ഒരുക്കമുള്ളവരും ആണ്. ഈ അധ്യായത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതിനുവേണ്ടി നാം എല്ലാവരും നമ്മെത്തന്നെ ഒരുക്കേണ്ടത് ആവശ്യമാണ്.

ഈ ഉപമകളുടെ യഥാർഥ വ്യാഖ്യാനം കർത്താവു നമുക്ക് കാണിച്ചുതന്നിരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ അനവധി വർഷങ്ങളായി, അവയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ സംബന്ധിച്ച് എനിക്ക് യാതൊരു സംശയവും ഉണ്ടായിട്ടില്ല. വാസ്തവത്തിൽ, ഈ ദിവസങ്ങളിൽ മത്തായിയുടെ സുവിശേഷത്തിൽ വേലചെയ്യുതതിലൂടെ നമ്മുടെ പക്കൽ ശരിയായ വ്യാഖ്യാനമുണ്ടെന്ന് ഞാൻ അധികമായി ഉറപ്പിക്കപ്പെട്ടു, കാരണം നമ്മുടെ വ്യാഖ്യാനം സഭയുടെ ചരിത്രത്തോടും നമ്മുടെ അനുഭവത്തോടും യോജിക്കുന്നു. ഇന്നത്തെ ക്രിസ്തുമതത്തിന്റെ സാഹചര്യം നിമിത്തം ഈ നിർണായകമായ അധ്യായത്തെ, അഞ്ചും, ആറും, ഏഴും അധ്യായങ്ങളെക്കാൾ കൂടുതൽ നിർണായകമായ ഒരു അധ്യായത്തെ നാം എല്ലാവരും അറിയേണ്ടത് ആവശ്യമാണ്. പുളിപ്പില്ലാത്തവരോ, തെറ്റായി നയിക്കപ്പെടാത്തവരോ, മലിനപ്പെടാത്തവരോ ആയിരിക്കേണ്ടതിന് ഈ അധ്യായത്തെ സംബന്ധിച്ച പ്രകാശനം നമുക്കാവശ്യമാണ്.

## *2. ശിഷ്യന്മാർ അനുഗ്രഹിക്കപ്പെട്ടവരാകുന്നു*

തന്റെ ശിഷ്യന്മാർ അനുഗ്രഹിക്കപ്പെട്ടവരാണെന്നും കർത്താവു പറഞ്ഞു. വാക്യം 9 അനുസരിച്ച്, കേൾക്കുവാനുള്ള ചെവി ഉണ്ടായിരുന്നതുകൊണ്ട് അവർ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു. കൂടാതെ, 16-ഉം 17-ഉം വാക്യങ്ങൾ പറയുന്നു, "എന്നാൽ നിങ്ങളുടെ കണ്ണുകൾ അവ കാണുന്നതുകൊണ്ടും നിങ്ങളുടെ ചെവികൾ അവ കേൾക്കുന്നതുകൊണ്ടും അനുഗ്രഹിക്കപ്പെട്ടവയാകുന്നു. എന്തെന്നാൽ സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്ന കാര്യങ്ങൾ കാണുവാൻ ആഗ്രഹിച്ചു, കണ്ടതുമില്ല, നിങ്ങൾ കേൾക്കുന്ന കാര്യങ്ങൾ കേൾക്കുവാൻ ആഗ്രഹിച്ചു, കേട്ടതുമില്ല." സ്വർഗീയ രാജ്യത്തിന്റെ മർമങ്ങൾ കാണുന്നതും കേൾക്കുന്നതും എന്തൊരു അനുഗ്രഹമാണ്!